"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - വയനാട് ജില്ലയിലെ പുഞ്ചിരിമറ്റം വനറാണി പാലം നിർമ്മാണം, ജി.എൽ.പി.എസ് എട്ടാം നമ്പർ ഇരുമ്പ് പാലം നിർമ്മാണം എന്നീ രണ്ട് പ്രവൃത്തികളും ചേർത്ത് ഒറ്റ പ്രവൃത്തിയായി ടെണ്ടർ ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.111/2026/PWD തിരുവനന്തപുരം, തീയതി,30-01-2026

---

പരാമർശം:-

1. 15.05.2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ.319/2025/DMD
2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 17.10.2025 തീയതിയിലെ CEPWD/3399/2025-AB4-BR നമ്പർ കത്ത്.
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 04.12.2025 തീയതിയിലെ CEPWD/3399/2025-AB4-BR നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ പുഞ്ചിരിമറ്റം വനറാണി പാലം, ജി.എൽ.പി.എസ് എട്ടാം നമ്പർ ഇരുമ്പ് പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് Scheme for Special Assistance to States for Capital Investment 2024-25' under Part I of the Scheme (SASCI) പദ്ധതിയിൽ ഉൾപ്പെടുത്തി Punchirimattom-Vanarani bridge with Approach roads, GLPS-8th Number bridge with Approach roads in Wayanad District-General Civil Work എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചും പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.പുഞ്ചിരിമറ്റത്തു നിന്നും വനറാണി എസ്റ്റേറ്റിലേക്ക് ബന്ധിപ്പിച്ച് പുഴയ്ക്ക് കുറുകെ കൾവർട്ട് ഉണ്ടായിരുന്നുവെന്നും, ഇവിടെയും പാലം നിർമിക്കുമ്പോൾ പാലവുമായി ബന്ധിപ്പിക്കുന്ന മൺ റോഡ് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതാണ് എന്ന് മേപ്പാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഏകദേശം ആറോളം പാലങ്ങൾ തമ്മിലുള്ള അകലം 878.00 മീറ്റർ മാത്രമാണ്. പുഴയുടെ നിരപ്പിൽ നിന്നും ഏകദേശം 18.00 മീറ്റർ ഉയരത്തിലാണ് ഈ പാലം നിർമ്മിക്കേണ്ടത്. ഈ സൈറ്റിലേക്ക് നിർമ്മിതിക്ക് ആവശ്യമായ സാധനങ്ങൾ എത്തിക്കുക എന്നത് ശ്രമകരമാണ്. ഒരേ പോലെ ഉള്ള നിർമ്മിതി ആയതിനാൽ മേല്പറഞ്ഞ രണ്ടു പാലങ്ങളും ഒരു ടെൻഡർ ആയി നടപ്പിലാക്കിയാൽ ജി.എൽ.പി.എസ് എട്ടാം നമ്പർ ഇരുമ്പ് പാലത്തിന് സൈറ്റിൽ ലഭിക്കുന്ന സൗകര്യങ്ങൾ രണ്ടു പാലത്തിനും ഉപയോഗപ്പെടുത്തുവാൻ കഴിയുമെന്നും ആയതിനാൽ രണ്ടു പ്രവൃത്തിയും ഒരു ടെൻഡർ ആയി നടപ്പിലാക്കുന്നതാവും ഉചിതം എന്ന് പരാമർശം (2) കത്ത് പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ പുഞ്ചിരിമറ്റം വനറാണി പാലം, ജി.എൽ.പി.എസ് എട്ടാം നമ്പർ ഇരുമ്പ് പാലം എന്നിവയുടെ നിർമ്മാണം എന്നീ രണ്ട് പ്രവൃത്തികളും ചേർത്ത് ഒറ്റ പ്രവൃത്തിയായി ടെണ്ടർ ചെയ്യുന്നത് നിമിത്തം എസ്റ്റിമേറ്റ് തയ്യാറാക്കൽ,

ടെണ്ടർ നടപടികൾ, പ്രവൃത്തിയുടെ നിർവഹണം എന്നിവയിൽ സാങ്കേതിക തടസ്സങ്ങളും കാലതാമസവും ഉണ്ടാകില്ലെന്ന് ചീഫ് എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി രണ്ട് പ്രവൃത്തികളും ചേർത്ത് ഒറ്റ പ്രവൃത്തിയായി ടെണ്ടർ ചെയ്യുന്നതിന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം
ധനകാര്യവകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ) ,കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ) ഐ&പി.ആർ.ഡി
കരുതൽ ഫയൽ - PWD-D1/662/2025-PWD

ഉത്തരവിൻ പ്രകാരം
Signed by
Rajesh M R
Date: 30-01-2026 11:24:51
സെക്ഷൻ ഓഫീസർ